പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3633

11/12/2018 -ൽ മറുപടിക്ക്

## സ്വയംഭരണ കോളേജുകളുടെ നിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ്<br>,, പി.വി. അൻവർ<br>,, ജോൺ ഫെർണാണ്ടസ്<br>,, എ. പ്രദീപ്കുമാർ | | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | സർവ്വകലാശാലകളിൽ നിന്നും പഠിച്ചിറങ്ങുന്ന ബിരുദധാരികൾ ഉന്നത വിദ്യാഭ്യാസത്തിനോ തൊഴിലിനുവേണ്ട നൈപുണ്യം ആർജ്ജിക്കുന്നതിനോ വേണ്ടത്ര വിഷയാവഗാഹം നേടുന്നില്ലെന്ന പ്രശ്നം പരിഹരിക്കാൻ നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ അറിയിക്കാമോ; | (എ) | സർവ്വകലാശാലകളിൽ നിന്നും പഠിച്ചിറങ്ങുന്ന ബിരുദധാരികൾക്ക് തൊഴിൽ നൈപുണ്യം ആർജ്ജിച്ചെടുക്കാനും, ഉന്നത വിദ്യാഭ്യാസം നേടുന്നതിനും വേണ്ടി ചുവടെ സൂചിപ്പിച്ചിരിക്കുന്ന പദ്ധതികൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ആവിഷ്കരിച്ച് വരുന്നു.<br>1. ബിരുദ തലത്തിൽ ഓരോ വിദ്യാർത്ഥിയും ആർജ്ജിച്ചെടുക്കേണ്ട കഴിവുകൾ മുൻകൂട്ടി മനസ്സിലാക്കിക്കൊണ്ട് കരിക്കുലം നിഷ്കർഷിക്കുന്ന പദ്ധതിയായ ഗ്രാജ്വേറ്റ് ആട്രിബ്യൂട്ട് (Graduate Attribute)<br>2. അദ്ധ്യാപകനും, പഠിതാവിനും ഓരോ ഘട്ടത്തിലും പഠനത്തിന്റെ ഫലപ്രാപ്തി അടിസ്ഥാനപ്പെടുത്തി മുന്നേറാൻ സഹായിക്കുന്ന ഫലാധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം (Outcome Based education)<br>3. തൊഴിലിനു വേണ്ട നൈപുണ്യം ആർജ്ജിക്കുന്നതിനായി തൊഴിലധിഷ്ഠിത (vocational) ബിരുദ കോഴ്സുകൾ , B.Voc കോഴ്സുകൾ എന്നിവ.<br>കൂടാതെ ബിരുദ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ മികവും തൊഴിൽ നൈപുണ്യവും ആർജ്ജിക്കുന്നതിനായി ASAP പദ്ധതി നടപ്പിലാക്കി വരുന്നു. ബിരുദ വിദ്യാർത്ഥികൾക്ക് വിഷയാവഗാഹം നേടുന്നതിനും ഭാഷാ നൈപുണ്യത്തിനുമായി Walk with a Scholar, Scholar Support Programme എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഫണ്ട് ലഭിക്കാനായി കോളേജുകൾക്ക് സ്വയംഭരണം പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാർ നയം വിദ്യാഭ്യാസം സമ്പന്നർക്കായുള്ള ചരക്കാക്കി മാറ്റുന്നതിനെ ചെറുക്കാനായി പദ്ധതിയുണ്ടോ; | (ബി) യും (സി) യും | സ്വയംഭരണ കോളേജുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് യു.ജി.സി 2018ൽ പുറത്തിറക്കിയ റെഗുലേഷൻ, സ്വയംഭരണം എന്ന കാഴ്ചപ്പാടിനെ തകർക്കുന്നതും,, ഉന്നത വിദ്യാഭ്യാസമേഖലയെ സമ്പൂർണ്ണമായി കച്ചവടവത്ക്കരിക്കുന്നതും, സാമൂഹ്യനീതിയും മെറിറ്റും അട്ടിമറിക്കുന്ന തുമായ തരത്തിലുള്ളതാണെന്ന് സ്വയംഭരണ കോളേജുകളുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കുവാനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റെഗുലേഷൻ പ്രകാരം സർക്കാരും സർവ്വകലാശാലകളും യഥാക്രമം ശമ്പളം നൽകുവാനും, സർട്ടിഫിക്കറ്റ് വിതരണം ചെയ്യുവാനുമുള്ള ഏജൻസികൾ മാത്രമായി മാറുമെന്നും, സാമൂഹ്യനിയന്ത്രണം പൂർണ്ണമായും ഇല്ലാതാക്കി മാനേജ്മെന്റിന്റെ താത്പര്യത്തിനനുസരിച്ച് മാത്രം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി സ്വയംഭരണ കോളേജുകൾ മാറുമെന്നും കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | സ്വയംഭരണ കോളേജുകളുടെ നിലവാരം സംബന്ധിച്ച പരിശോധന നടത്തിയിരുന്നോ; വിശദാംശം അറിയിക്കാമോ; | | |
| (ഡി) | റെഗുലർ വിദ്യാർത്ഥികൾക്ക് ബിരുദ പഠനത്തിന്റെ 20 ശതമാനം ക്രെഡിറ്റ് , പ്രൈവറ്റായി പഠിക്കേണ്ട മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകളിലൂടെ (മൂക്) നേടാമെന്ന അനുവദിക്കുക വഴി റെഗുലർ വിദ്യാഭ്യാസത്തെയും, വിദൂര വിദ്യാഭ്യാസത്തിന് അനാവശ്യ കടിഞ്ഞാണിട്ടുകൊണ്ട് സമാന്തര വിദ്യാഭ്യാസത്തെയും ഒരേ സമയം പ്രതിസന്ധിയിലാക്കുന്ന കേന്ദ്ര സർക്കാരിന്റെ വികല വിദ്യാഭ്യാസ നയം പരിഷ്കരിക്കാൻ ആവശ്യപ്പെടുമോ? | (ഡി) | 2016 ജൂലൈ 19ന് യു.ജി.സി പുറപ്പെടുവിച്ചിട്ടുള്ള റെഗുലേഷൻ പ്രകാരം, പരമ്പരാഗത സമ്പ്രദായത്തിൽ ഉന്നത വിദ്യാഭ്യാസം നേടുന്ന വിദ്യാർത്ഥികൾ, സമാന്തരമായി MOOCs (Massive Open Online Courses) സമ്പ്രദായം വഴി ആർജ്ജിക്കുന്ന ക്രെഡിറ്റുകൾക്ക് സർവ്വകലാശാലകൾ ക്രെഡിറ്റ് വെയ്റ്റേജ് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര മാനവ വിഭവശേഷി വകുപ്പും, യു.ജി.സി.യും ഓൺലൈൻ കോഴ്സുകൾ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ചിരിക്കുന്ന തീരുമാനം ഉന്നത വിദ്യാഭ്യാസ രംഗത്തെ എങ്ങനെ ബാധിക്കുമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് വൻപുരോഗതി നേടിക്കഴിഞ്ഞവയും, 50 ശതമാനത്തിലധികം GER നേടിക്കഴിഞ്ഞവയുമായ രാജ്യങ്ങൾ വ്യവസായ, സേവന മേഖലകളുടെ വികാസത്തിന് സഹായകമായ ഉപമാർഗ്ഗമായാണ് ഓൺലൈൻ കോഴ്സുകളെ കാണുന്നത്. എന്നാൽ GER-ൽ |

| | | | |
|---|---|---|---|
| | | | പിന്നിൽ നിൽക്കുന്ന ഇന്ത്യയെപ്പോലുള്ള രാജ്യത്ത് റെഗുലർ വിദ്യാഭ്യാസത്തിന് പകരമുള്ള ഉപാധിയായി ഓൺലൈൻ കോഴ്സുകളെ കാണാനിടയായാൽ അത് ഉന്നത വിദ്യാഭ്യാസ മേഖലയുടെ നിലവാരത്തെ പ്രതികൂലമായി ബാധിക്കും. കൗൺസിൽ സർക്കാരിനു നൽകിയ റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ